SANSKRIT STUDY IN THE STATE.

386. മിസ്റ്റർ. കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ദേവമ്മേണ്ടു് ദയവായി മറുപടി പറയുമോ :—

(ക) സംസ്കൃത സ്കൂളുകളിലെ ഓരോ ക്ലാസിലേക്കും കരിക്കുലം വ്യവസ്ഥചെയ്തിട്ടുണ്ടോ ;

(ഖ) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളത്തെപ്പറ്റി ദേവമ്മേണ്ടു് ബന്ധിതമായ ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ഗ) ഇവക്കു് ഒരു മാസത്തിൽ അനദ്ധ്യയനദിവസങ്ങൾ എത്ര ;

(ഘ) ഞായറാഴ്ച ദിവസങ്ങളിൽ സംസ്കൃത സ്കൂളുകൾക്കു മുടക്കമുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ഈ സമ്പ്രദായം എന്നുമുതല്ക്കാണു് ഏർപ്പെടുത്തിയതെന്നും പറയാമോ ;

(ങ) സംസ്കൃത സ്കൂളുകളിൽ കുട്ടികളിൽ നിന്നു ഫീസു പിരിക്കുവാൻ പാടില്ലെന്നു വ്യവസ്ഥചെയ്തിട്ടില്ലെ ;

(ച) സംസ്കൃതത്തിൽ ഇപ്പോൾ ഏതേതു പരീക്ഷകളാണുള്ളതു് ;

(ഛ) വിദ്വാൻ എത്രതരമുണ്ടു് ;

(ജ) ഓരോന്നിനും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം ;

(ഝ) വിദ്യാഭ്യാസവകുപ്പദ്ധ്യക്ഷൻ അവർകൾ ദേവമ്മേണ്ടിലേക്കു് ഇതു സംബന്ധിച്ചു് സമർപ്പിച്ചിട്ടുള്ള സ്കീം ദയവായി പരസ്യപ്പെടുത്താമോ ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ : (ക) ഇല്ല.

(ഖ) ഇല്ല.

(ഗ) സാധാരണയായി വ ദിവസങ്ങൾ.

(ഘ) ഉണ്ടു്. മറ്റു ഉപചോദ്യങ്ങൾക്കു് ഉത്തരം ആവശ്യമില്ല.

(ങ) ഉണ്ടു്.

(ച) കാവ്യപരീക്ഷയും ദ്രാക്ഷണപരീക്ഷയും.

(ഛ) വിദ്വാൻ പരീക്ഷ ഇവിടെ നടപ്പില്ല.

(ജ) ഉത്തരം ആവശ്യമില്ല.

(ഝ) ഇല്ല.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ : വിദ്വാൻ പരീക്ഷ എന്നുപറയുന്നതു മദ്രാസു യൂണിവേഴ്സിറ്റി പരീക്ഷയല്ലെ ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ : അതെ.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ : ഈ വിദ്വാൻ പരീക്ഷപാസ്സായാൽ മാത്രമെ ഇവിടത്തെ ഹൈസ്കൂളുകളിലും കാളേജുകളിലും സംസ്കൃതം പഠിപ്പിക്കുവാൻ പാടുള്ളൂ എന്നുണ്ടൊ ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ : ഇവിടെയുള്ള കാളേജുകളിൽ പഠിപ്പിക്കുന്നതിനു ഇവിടത്തെ പരീക്ഷകളിൽ പാസ്സായാൽ മതി.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ : ഈ സംസ്കൃത സ്കൂളുകൾക്കു വെക്കേഷൻ ഉണ്ടൊ ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ : ഉണ്ടു്.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ : ഇവരുടെ ശമ്പളം നിശ്ചയിക്കാതിരിപ്പാൻ കാരണമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ: സാധാരണയായിട്ട സംസ്കൃതസ്കൂളുകൾക്കു സഹായധനം കൊടുക്കുക എന്ന സമ്പ്രദായം വന്നതിനുശേഷം പണമില്ലാത്തതുകൊണ്ട് ഒരു അലവൻസു കൊടുക്കുകയെന്നുവെച്ചു. അതു രണ്ടാമതു റിവൈസു ചെയ്യുവാൻ പണമില്ലാത്തതുകൊണ്ടു സാധിച്ചിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗ്രാൻറു കൊടുക്കാൻ സാധിക്കാത്ത സ്ഥലത്തു് സ്കൂൾ നടത്താൻ അനുവദിക്കാമോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ഒരു വിരോധവുമില്ല. പക്ഷെ അംഗീകരണം കൊടുത്തുകഴിഞ്ഞാൽ ഒരു കൊല്ലത്തിനുള്ളിൽ ഗ്രാൻറിനു അപേക്ഷിക്കും. ഗ്രാൻറു വേണ്ടെന്നു പറഞ്ഞുതുടങ്ങിയ ഒരു സ്കൂൾ ഒരു കൊല്ലം കഴിഞ്ഞപ്പോൾ ഗ്രാൻറു് അനുവദിക്കണമെന്നുകാണിച്ചു് എഴുതി അയച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വിദ്യാഭ്യാസ മേലധ്യക്ഷൻ ഇതു സംബന്ധിച്ചു ഗവൺമെൻറിലേക്കു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടു പ്രസിദ്ധപ്പെടുത്താത്തതു എന്തുകൊണ്ടാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ഒന്നാമത്തെ കാരണം ഇതു രഹസ്യമാണെന്നുള്ളതാണു്. രണ്ടാമതു് ഇതു പ്രസിദ്ധപ്പെടുത്തിയിട്ടു പൊതുജനങ്ങൾക്കു ഒരു പ്രയോജനവുമില്ല.

CASTE-WAR STATEMENT OF PEONS APPOINTED BY THE EXCISE COMMISSIONER.

387. മിസ്റ്റർ. കെ. പി. വള്ളോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടിനല്കുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനുദയവുണ്ടാകുമോ:—

പുതിയ എക്സൈസ് കമ്മീഷണർ ചാർജ്ജെടുത്തതിനുശേഷം നിയമിക്കപ്പെട്ട തിപ്പായിമാരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ. എം. രാമൻ മേനോൻ: എല്ലാ വിവരങ്ങളും അടങ്ങിയ ഒരു ലിസ്റ്റു് അനുബന്ധമായി ചേർത്തിട്ടുണ്ടു്. (*Appendix II*).

TODDY SHOP—PALANJI—SHIFTING OF.

388. Mr. C. V. Iyyu (*Kunnamkulam*): Will the Government be pleased to state:—

(*a*) whether the Government has noted the article in the *Gomathi* dated 4th November written by one ('പൊരൻ') പഴഞ്ഞി for the attention of the Excise Commissioner;

(*b*) whether the Government conducted any inquiry in the matter;

(*c*) whether the Government has any objection to shift the toddy shop referred to from the vicinity of the road?

LIBRARY ARCHIVES Kerala Legislative Assembly